മലയാള മനോരമ
ESTABLISHED 1888
30 January 2018

# കടലിൽ കൂടുമൽസ്യക്കൃഷി; പരിശീലനത്തിനു തുടക്കം

■ കേരളത്തിൽ 1000 മൽസ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകും



കൊച്ചി ● മൽസ്യക്കൃഷി വിപ്ലവത്തിനു പുതിയ പദ്ധതിയുമായി കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ കേന്ദ്രം (സിഎംഎഫ്ആർഐ). കടലിൽ നിന്നുള്ള മൽസ്യ ലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സമുദ്ര കൂടുകൃഷിയിലൂടെ മൽസ്യോൽപാദനം വർധിപ്പിക്കാനുള്ള അവസരമൊരുക്കുന്നതാണു പദ്ധതിയെന്നു ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ അറിയിച്ചു.

കടലിൽ കൂടുമൽസ്യക്കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യകൾ മൽസ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനായി ആദ്യഘട്ട പരിശീലന പരിപാടിക്കു സിഎംഎഫ്ആർഐയിൽ തുടക്കം കുറിച്ചു. കടൽ കൂടുകൃഷി സമ്പ്രദായം വികസിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലനത്തിന്റെ ആദ്യ ഘട്ടമാണിത്. നീലവിപ്ലവം വേഗത്തിലാക്കുകയെന്ന ലക്ഷ്യത്തോടെ രാജ്യത്താകെ 5000 മൽസ്യത്തൊഴിലാളികളെയാണ് സിഎംഎഫ്ആർഐ പരിശീലിപ്പിക്കുന്നത്. നാഷനൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് ഒരു കോടിയോളം രൂപ ഇതിനായി ധനസഹായം നൽകുന്നുണ്ട്.

കേരളത്തിൽ 1000 മൽസ്യത്തൊഴിലാളികൾക്കാണ് പരിശീലനം നൽകുകയെന്നും അദ്ദേഹം അറിയിച്ചു.

സിഎംഎഫ്ആർഐയിൽ തുടങ്ങിയ ആദ്യഘട്ട പരിശീലന പരിപാടി ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ എസ്. മഹേഷ് ഉദ്ഘാടനം ചെയ്തു. മാരികൾച്ചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ബോബി ഇഗ്നേഷ്യസ് എന്നിവർ പ്രസംഗിച്ചു.